12559
22/4/19

File No.FWLD-B2/108/2019-FWLD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷനിലെ അച്ചൻകോവിൽ ഡിപ്പോയിൽ 28.12.2018-ാം തീയതി നടന്ന 25401/18-19-ാം നമ്പർ ഇ - ലേലത്തിൽ, ലേലം കൊണ്ട തടി സമയപരിധിക്കുള്ളിൽ നീക്കം ചെയ്യുവാൻ കഴിയാതിരുന്ന ശ്രീ. ഏ.ജി. സെബാസ്റ്റ്യൻ എന്നയാൾക്ക് ബാക്കി തുക ഒടുക്കി തടി നീക്കം ചെയ്യുന്നതിന് സാവകാശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.246/2019/വനം** തീയതി,തിരുവനന്തപുരം, 03/07/2019

പരാമർശം:- 1. ശ്രീ.ഏ.ജി.സെബാസ്റ്റ്യൻ സർക്കാരിൽ സമർപ്പിച്ച 16/06/2019 തീയതിയിലെ നിവേദനം.

2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്ററ് ലാൻഡ് & റിസോഴ്സസ്) ന്റെ 24/06/2019 തീയതിയിലെ പ്രൊ(4)-60171/16 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷനിലെ അച്ചൻകോവിൽ ഡിപ്പോയിൽ 28.12.2018-ാം തീയതി നടന്ന 25401/18-19-ാം നമ്പർ ഇ - ലേലത്തിൽ, ലേലം കൊണ്ട തടി സമയപരിധിക്കുള്ളിൽ നീക്കം ചെയ്യുവാൻ കഴിയാതിരുന്ന ശ്രീ. ഏ.ജി. സെബാസ്റ്റ്യൻ, ബാക്കി തുക ഒടുക്കി തടി നീക്കം ചെയ്യുന്നതിന് കാലാവധി നീട്ടി നൽകുന്നതിനായി പരാമർശം 1) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

2) തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷനിലെ അച്ചൻകോവിൽ ഡിപ്പോയിൽ 28.12.2018-ാം തീയതി നടന്ന 25401/18-19-ാം നമ്പർ ഇ - ലേലത്തിൽ ശ്രീ. ഏ.ജി. സെബാസ്റ്റ്യൻ എന്നയാൾ പത്ത് ലോട്ടുകളിലായി നിരതദ്രവ്യമായ 50,000/- രൂപ ഒടുക്കി ലേലം കൊണ്ടിരുന്നുവെന്നും, ലേല നിബന്ധനയനുസരിച്ച് ലേലത്തിൽ പിടിച്ച തടിയുടെ മൊത്തം തുക യഥാസമയം ഒടുക്കിയിരുന്നില്ലെന്നും, ടിയാൾ ലേലം കൊണ്ട ലോട്ടുകളിൽ കാലാവധിക്കുള്ളിൽ തുക ഒടുക്കി നീക്കം ചെയ്യാത്ത ലോട്ടുകൾ ഇ - ലേല വ്യവസ്ഥയിലെ 14 (b), 15(a) വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചുകൊണ്ട്

23.05.2019 ന മുമ്പ് ഒടുക്കേണ്ടിയിരുന്ന മുഴുവൻ തുകയും, തറ വാടകയും, നികുതികളും, പിഴപലിശയും ഒടുക്കി തടി നീക്കം ചെയ്യുന്നതിന് ഉത്തരവ് തീയതി മുതൽ 30 ദിവസം സമയപരിധി നിശ്ചയിച്ച് നൽകാവുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) പരാമർശം 2) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1) പ്രകാരമുള്ള ശ്രീ. ഏ.ജി. സെബാസ്റ്റ്യന്റെ നിവേദനത്തിന്റേയും, പരാമർശം 2) പ്രകാരമുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ , തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷനിലെ അച്ചൻകോവിൽ ഡിപ്പോയിൽ 28.12.2018-ാം തീയതി നടന്ന 25401/18-19-ാം നമ്പർ ഇ - ലേലത്തിൽ ശ്രീ. ഏ. ജി. സെബാസ്റ്റ്യൻ എന്നയാൾ ലേലം കൊണ്ട ലോട്ടുകളിൽ, കാലാവധിക്കുള്ളിൽ തുക ഒടുക്കി നീക്കം ചെയ്യാത്ത ലോട്ടുകൾ ഇ-ലേല വ്യവസ്ഥയിലെ 14 (b), 15(a)വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചുകൊണ്ട് 23.05.2019-ന മുമ്പ് ഒടുക്കേണ്ടിയിരുന്ന മുഴുവൻ തുകയും, തറ വാടകയും, നികുതികളും, പിഴപലിശയും ഒടുക്കി തടി നീക്കം ചെയ്യുന്നതിന് ശ്രീ.ഏ.ജി. സെബാസ്റ്റ്യന് ഈ ഉത്തരവ് തീയതി മുതൽ 30 ദിവസത്തെ സാവകാശം നൽകുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)- നെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുല്ഫിക്കർ റഹ്മാന്.എ**
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഏ. ജി. സെബാസ്റ്റ്യൻ, എൻ.ആർ.എം. ടിമ്പേഴ്സ് (പ്രൊപ്രൈറ്റർ),പുനലൂർ.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

File No.FWLD-B2/108/2019-FWLD

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by PRAVEEN KUMAR S
Date: 2019.07.03 15:25:09 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. വനം വന്യജീവി വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്,

വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്.

വനം വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്.